പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :527 27.02. 2018 ൽ മറുപടിക്ക്

## വൈദ്യുതി മോഷണം

| ചോദ്യം<br>ശ്രീ. വി.പി.സജീന്ദ്രൻ | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈദ്യുതി മോഷണം തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടു കൂടി ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രത്യേക വിഭാഗം പ്രവർത്തിച്ചു വരുന്നു. ഇതിൽ എല്ലാ ജില്ലകളിലും പോലീസുകാർ കൂടി ഉൾപ്പെട്ട 14 ആന്റി പവർ തെഫ്റ്റ് സ്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുവാനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ നിലവിൽ ഉണ്ട്. വൈദ്യുതി മോഷണം കൂടാതെ വൈദ്യുതി ഉപയോഗത്തിലെ ക്രമക്കേടുകൾ കൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ രാത്രികാല പരിശോധനകളും അവധി ദിന പരിശോധനകളും ഫലപ്രദമായി നടത്തി കുറ്റക്കാരിൽ നിന്നും പിഴ ഈടാക്കി വരുന്നു.<br>വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് കണ്ടു പിടിക്കാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി മീറ്ററുകൾ സീൽ ചെയ്യുന്നുണ്ട്.<br>എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടു പിടിക്കുന്നതിന് ആവശ്യമായ ആധുനിക സംവിധാനങ്ങളുള്ള ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി മോഷണത്തിന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം നൽകുമോ; | (ബി) വൈദ്യുതി മോഷണം പിടിക്കപ്പെട്ടാൽ മേൽ നടപടികളിൽ നിന്നും ഒഴിവാക്കുന്നതിലേയ്ക്കായി കോമ്പൌണ്ടിംഗ് ഫീസ് ഈടാക്കാറുണ്ട്. കോമ്പൌണ്ടിംഗ് ഫീസ് അടയ്ക്കാൻ വിസമ്മതിക്കുന്ന ഉപഭോക്താക്കളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തു നിയമനടപടികൾ സ്വീകരിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു (1) ഉപഭോക്താവിനെതിരെ |

| | |
|---|---|
| | വൈദ്യുതി മോഷണത്തിന് കേസ് രജിസ്റ്റർ ചെയ്യുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ശ്രീ. അനിൽ കുമാർ (കൺസ്യൂമർ നമ്പർ.4544) ഇടതുണ്ടിൽ വീട്, ചെമ്മക്കാട് എന്ന ഉപഭോക്താവിനെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിലേയ്ക്കായി കുണ്ടറ പോലീസ് സ്റ്റേഷനിൽ അപേക്ഷ നൽകിയിട്ടുണ്ട്. നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. |
| (സി) 25.1.2016 മുതൽ 31.1.2018 വരെ വൈദ്യുതി മോഷണത്തിന് എത്ര രൂപ പിഴ ഈടാക്കിയെന്ന് വിശദമാക്കാമോ? | (സി) 25.01.2016 മുതൽ 31.01.2018 വരെ വൈദ്യുതി മോഷണത്തിന് 3,11,95,051 രൂപ (മൂന്ന് കോടി പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അൻപത്തൊന്ന് ) പിഴയായി ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ